ക്ഷീരവികസന വകുപ്പിന്റെ കീഴിൽ മിൽക്കോ ബൈക്ക് വിതരണം

20 (*170)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരവികസന വകുപ്പിന്റെ കീഴിൽ മിൽക്കോ ബൈക്ക് വിതരണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ മിൽക്കോ ബൈക്കിന്റെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സഞ്ചരിക്കുന്ന കറവയന്ത്രം വാങ്ങുന്നതിന് എത്ര ശതമാനം സബ്സിഡി നൽകുന്നുണ്ട്;

(ഡി) ഇതിനകം എത്ര മിൽക്കോ ബൈക്ക് വിതരണം നടത്തി; മൊത്തം എത്രയെണ്ണം വിതരണം ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) ക്ഷീരോൽപ്പാദന മേഖലയിൽ കറവക്കാരുടെ ദൗർലഭ്യം കണക്കിലെടുത്ത് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് മൊബൈൽ മിൽക്കിംഗ് മെഷീന്റെ വിതരണം. മൊബൈൽ മിൽക്കിംഗ് മെഷീൻ ഉപയോഗിച്ച് കന്നുകാലികളെ കൂടുതൽ ശുചിയായും കാര്യക്ഷമമായും കറക്കുവാൻ സാധിക്കുന്നു. വളരെ സങ്കീർണ്ണവും ഭാരവുമുള്ള കറവയന്ത്രത്തിന്റെ ലളിതവും പരിഷ്കരിച്ചതുമായ പതിപ്പ് മൊപ്പെഡ് മാതൃകയിലുള്ള ചെറിയ മോട്ടോർ സൈക്കിളിൽ ഘടിപ്പിച്ചിട്ടുള്ള കറവയന്ത്രമാക്കിമാറ്റിയതിനാൽ കറവക്കാരന് ദിവസം പ്രതി 25-30 കന്നുകാലികൾക്ക് കർഷകരുടെ വീടുകളിൽപോയി കറവ നടത്തുവാൻ സാധിക്കുന്നു. പൂർണ്ണമായ കറവ ഉറപ്പു വരുത്തുന്നതിനാൽ പാലിന്റെ മുഴുവൻ കൊഴുപ്പും ലഭ്യമാകുന്നതിലൂടെ കർഷകന് കൂടുതൽ വില ലഭ്യമാക്കുന്നു.

(സി) കറവയന്ത്രത്തിന്റെ വിലയുടെ പകുതിയോ ഇരുപത്തിയയ്യായിരം രൂപയോ ഏതാണോ കുറവ് ആ സംഖ്യ സബ്സിഡിയായി നൽകുന്നു.

(ഡി) പത്ത് മിൽക്കോ ബൈക്കുകൾ പരീക്ഷണഘട്ടമെന്ന നിലയിൽ ഈ വർഷം വിതരണം നടത്തി. ത്രിതല സ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് സംസ്ഥാനത്ത് ആവശ്യമുള്ള 'മിൽക്കോ ബൈക്കുകൾ' ഘട്ടം ഘട്ടമായി പതിനായിരം വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly